6356

കേരള സർക്കാർ

**സംഗ്രഹം**

സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - ശ്രീ. നിതിൻ. പി, ക്ലാർക്ക്, ഐ.സി.ഡി.എസ്, നിലമ്പൂർ ഫയൽ ചെയ്ത O.A (EKM) No.337/2019 ന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 01.03.2019 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യ നീതി (എ) വകുപ്പ്**

THE DIRECTOR ... 25 MAY 2019 ... TRIVANDRUM

സ.ഉ (സാധാ) നം.**247/2019/സാ.നീ.വ.** തീയതി, തിരുവനന്തപുരം, **20.05.2019.**

പരാമർശം:
1) സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ 08.02.2019 തീയതിയിലെ E2/10655/18 നമ്പർ ഉത്തരവ്.
2) ശ്രീ. നിതിൻ. പി. സമർപ്പിച്ച 23.02.2019 തീയതിയിലെ അപ്പീൽ അപേക്ഷ (അനക്സർ A16).
3) ശ്രീ. നിതിൻ. പി. ഫയൽ ചെയ്ത O.A (EKM) No.337/2019 ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 01.03.2019 തീയതിയിലെ വിധിന്യായം.

## ഉത്തരവ്

സാമൂഹ്യ നീതി ഡയറക്ടർ പുറപ്പെടുവിച്ച പരാമർശം (1) സ്ഥലംമാറ്റ ഉത്തരവ് പ്രകാരം ക്രമ നം.26 ആയി ഹർജിക്കാരനായ ശ്രീ.നിതിൻ.പി.യെ നിലമ്പൂർ ഐ.സി.ഡി.എസ്. പ്രോജക്ടിൽ നിന്നും വേങ്ങര അഡീഷണൽ പ്രോജക്ടിലേയ്ക്ക് ഭരണപരമായ സൗകര്യാർത്ഥം സ്ഥലംമാറ്റം നൽകി നിയമിച്ചിരുന്നു. സ്ഥലംമാറ്റപ്പെട്ട ശ്രീ.നിതിൻ.പി പ്രസ്തുത സ്ഥലംമാറ്റത്തിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്ന OA (EKM) No.337/19 ന്മേൽ ബഹു. ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (3)ലെ വിധിന്യായത്തിൽ പ്രസ്തുത സ്ഥലംമാറ്റത്തിനെതിരെ ജീവനക്കാരൻ സമർപ്പിച്ചിട്ടുള്ള പരാമർശം (2)ലെ നിവേദനത്തിന്മേൽ ഉത്തരവ് കൈപ്പറ്റി രണ്ട് മാസത്തിനുള്ളിൽ തീർപ്പുകൽപ്പിക്കണമെന്ന് ഹർജിയിലെ ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ച് ഉത്തരവായിട്ടുണ്ട്.

**2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു ക്ലറിക്കൽ തസ്തിക മാത്രമുള്ള ഒരു അഡീഷണൽ ഐ.സി.ഡി.എസ്. പ്രോജക്ടിൽ നിന്ന് പ്രസ്തുത ക്ലാർക്കിനെ സ്ഥലംമാറ്റം അനുവദിക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവിൽ, കൂടുതൽ ക്ലറിക്കൽ തസ്തികകൾ നിലവിലുള്ളതും അങ്കണവാടികളുടെ എണ്ണം താരതമ്യേന കുറവുള്ളതുമായ മറ്റൊരു പ്രോജക്ടിൽ നിന്ന് ഒരു ജീവനക്കാരനെ മാറ്റി നിയമിക്കുക എന്നതു മാത്രമേ പ്രായോഗികമായി ചെയ്യുവാൻ കഴിയുകയുള്ളൂ. ഈ സാഹചര്യത്തിലാണ് മൂന്ന് ക്ലറിക്കൽ തസ്തികകളും 94 അങ്കണവാടി സെന്ററുകളും മാത്രമുള്ള നിലമ്പൂർ ഐ.സി.ഡി.എസ്.ൽ നിന്ന് ഹർജിക്കാരനായ ശ്രീ.നിതിൻ.പി.യ്ക്ക് മലപ്പുറം ജില്ലയിൽ തന്നെയുള്ള വേങ്ങര അഡീഷണൽ ഐ.സി.ഡി.എസ്. പ്രോജക്ടിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ളത്. ഇത് ഒരു പ്രോജക്ടിന്റെ സുഗമമായ നടത്തിപ്പിനായി മാത്രം ചെയ്തിട്ടുള്ള ഭരണപരമായ നടപടിക്രമം മാത്രമാണ്. നിലമ്പൂർ ഐ.സി.ഡി.എസ്. പ്രോജക്ടിൽ നിന്നുള്ള

ജീവനക്കാരന്റെ സ്ഥലംമാറ്റം പ്രസ്തുത പ്രോജക്ടിന്റെ പ്രവർത്തനങ്ങളെ ഒരു തരത്തിലും ബാധിയ്ക്കുന്നതല്ല എന്നും സാമൂഹ്യ നീതി ഡയറക്ടർ അറിയിച്ചിരിയ്ക്കുന്നു. പ്രസ്തുത സ്ഥലംമാറ്റ ഉത്തരവിനെതിരെ ജീവനക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ തനിയ്ക്ക് മാനസികാസ്വാസ്ഥ്യം ഉൾപ്പെടെയുള്ള മറ്റ് രോഗങ്ങൾ ഉള്ളതായി പറയുന്നെങ്കിലും ഇത് തെളിയിയ്ക്കുന്നതിന് ആധികാരികമായ മെഡിക്കൽ രേഖകൾ ഹാജരാക്കുന്നതിന് ഹർജിക്കാരൻ തയ്യാറായിട്ടില്ല. അച്ഛനമ്മമാരുടെ സംരക്ഷണം/അസുഖം എന്നിവ തെളിയിയ്ക്കുന്നതിന് ആധികാരികമായ തെളിവുകൾ ജീവനക്കാരൻ സമർപ്പിയ്ക്കാത്തതിനാൽ ഈ വാദം സ്ഥലംമാറ്റം അനുവദിയ്ക്കപ്പെടുന്ന അവസരങ്ങളിൽ ജീവനക്കാർ പൊതുവായി പറയുന്ന ഒരു പരാതിയായി മാത്രമേ പരിഗണിയ്ക്കുവാൻ കഴിയുകയുള്ളൂ. ഏക ക്ലറിക്കൽ തസ്തികയുള്ള അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ടിൽ സേവനമനുഷ്ഠിയ്ക്കുന്നതിന് ജീവനക്കാർ പൊതുവെ കാണിയ്ക്കുന്ന വിമുഖതയും ടി പരാതിയ്ക്ക് കാരണമായി വിലയിരുത്താവുന്നതാണ്.

3) മേൽ സാഹചര്യത്തിൽ ശ്രീ. നിതിൻ. പി. സമർപ്പിച്ച പരാമർശം (2)ലെ അനക്സർ എ 16 അപ്പീൽ അപേക്ഷ നിരസിച്ചുകൊണ്ടും അപ്രകാരം ബഹു. ട്രൈബ്യൂണലിന്റെ പരാമർശം (3) ലെ വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**ബിജു പ്രഭാകർ,**
**സ്പെഷ്യൽ സെക്രട്ടറി.**

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം).
ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
ശ്രീ. നിതിൻ. പി, പൂക്കാട്ട്പൊയിലിൽ, മേല്പൂർ, കോഴിക്കോട് - 673 306.
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.